# KCBC WOMEN'S COMMISSION

Pastoral Orientation Centre (P O C)

Palarivattom, Tel: 0484 2805722, 2805815



CHAIRMAN
**Mar Peter Kochupurakkal**
Bishop of Palakkad

VICE CHARMAN
**Most.Rev. Dr Thomas J Netto**
**Thomas Mar Eusebius**

EXECUTIVE SECRETARY
**Jane Ancil Francis**
Deepayan
Vallikeezhu
Kollam-691003
Mob:9447254 I78
email: janeancil@gmail.com

JOINT SECRETARY
**Sheeja Abraham**
Mob.9446 I I3545

TREASURER
**Anie Joseph**
Mob:9447233939

SPIRITUAL DTRECTOR
**Rev. Fr. Lijo Mathews**
Diocese of Kottappuram
Mob: 9846034569


16.06.2023

All Kerala Press Release

## കെസിബിസി വിമൻസ് കമ്മീഷൻ സംസ്ഥാനതലപ്രതിനിധി സമ്മേളനം

കൊച്ചി: കെസിബിസി വിമൻസ് കമ്മീഷൻ സംസ്ഥാനതല പ്രതിനിധി സമ്മേളനം ജൂൺ 16-ാം തീയതി എറണാകുളം പിഒസിയിൽ നടത്തി. റീജിനൽ എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസ് അധ്യക്ഷ്യം വഹിച്ച യോഗം സിബിസിഐ കമ്മീഷൻ ഫോർ വിമൻ നാഷണൽ സെക്രട്ടറി റവ. സി. നവ്യ എഫ്.സി.സി. ഉദ്ഘാടനം ചെയ്തു. കേരളത്തിലെ 24 രൂപതകളിലെ പ്രതിനിധികൾ പങ്കെടുത്തു. മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങളെ അപലപിക്കുകയും എത്രയും വേഗം മണിപ്പൂരിൽ സമാധാനം സ്ഥാപിക്കാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. കൂടാതെ സമൂഹത്തെ ക്യാൻസർപോലെ ബാധിച്ചിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തെ ചെറുക്കുന്നതിന് യുവതലമുറയ്ക്ക് ബോധവത്ക്കരണ ക്ലാസുകൾ ഒരുക്കുന്നതുസംബന്ധിച്ച് തീരുമാനമെടുത്തു. കുടുംബങ്ങളിൽ സാമ്പത്തിക അച്ചടക്കം എപ്രകാരം കൊണ്ടുവരാൻ സാധിക്കുമെന്നതു സംബന്ധിച്ച് കുടുംബിനികൾക്ക് മാർഗനിർദേശം നല്കുന്നതിനും തീരുമാനിച്ചു. കേരള സഭാനവീകരണ പ്രക്രിയയിൽ വനിതാപ്രസ്ഥാനങ്ങളുടെ സജ്ജീവ ഭാഗഭാഗിത്തം ഉറപ്പുവരുത്തുമെന്നും സമ്മേളനം തീരുമാനിച്ചു. ട്രഷറർ ശ്രീമതി ആനി ജോസഫ്, ശ്രീമതി റീത്താമ്മ കെ., സോണൽ സെക്രട്ടറിമാർ ശ്രീമതി ലീന ജോർജ്, ശ്രീമതി ലീലാമ്മ ബാബു, റോസക്കുട്ടി അബ്രാഹം, ലിൻസി രാജൻ എന്നിവർ പ്രസംഗിച്ചു. ശ്രീമതി മീന റോബർട്ട് കൃതജ്ഞത അർപ്പിച്ചു.

**ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസ്**
എക്സിക്യൂട്ടീവ് സെക്രട്ടറി, വിമൻസ് കമ്മീഷൻ